"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ചമ്രവട്ടം ശ്രീ അയ്യപ്പക്ഷേത്രത്തിന് മുമ്പിൽ വനിതാ വിശ്രമകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.513/2022/LSGD തീയതി,തിരുവനന്തപുരം, 04-03-2022

---

പരാമർശം:-

1. മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.11.2021ലെ ജി2-4800/15 നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021 ലെ 4.83 നമ്പർ തീരുമാനം.

**ഉത്തരവ്**

തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിൽ തിരൂർ പൊന്നാനി തീരദേശപാതയ്ക്ക് സമീപം ചമ്രവട്ടം എന്ന സ്ഥലത്ത് ഭാരതപ്പുഴയ്ക്ക് നടുവിലാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഇവിടെ വരുന്ന വനിതകൾക്ക് വിശ്രമിക്കുന്നതിനും വസ്ത്രം മാറുന്നതിനും മറ്റും ഒരു വിശ്രമ കേന്ദ്രം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്റ്റിന് അനുമതി നൽകണമെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചതിൻപ്രകാരം കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്റ്റിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്,മലപ്പുറം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 05-03-2022 10:44:28
സെക്ഷൻ ഓഫീസർ